**6 (*126) വ്യവസായ മേഖലയിലെ നേട്ടങ്ങൾ**

ശ്രീ. എളമരം കരിം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കഴിഞ്ഞ നാലു വർഷത്തെ വ്യാവസായിക വളർച്ചാനിരക്ക് എത്രയാണ്; ഇതു ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; എങ്കിൽ എത്ര;

(ഡി) വ്യവസായ വികസനത്തിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ പുതുതായി എത്രപേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും ഇതിൽ വിദേശ പങ്കാളിത്തത്തോടുകൂടി ആരംഭിച്ചവ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും മുതൽമുടക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് പുതുതായി വ്യവസായം തുടങ്ങുന്നതിനായി കെ.എസ്.ഐ.ഡി.സി. എത്ര ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചു. ഇൻഫർമേഷൻ ടെക്നോളജി കമ്പനികളെയും ഇലക്ട്രോണിക്സ് കമ്പനികളേയും ആകർഷിക്കുന്നതിനായി ടെക്നോ പാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നു. 1998-ൽ ഐ.റ്റി. നയവും വ്യവസായനയവും പ്രഖ്യാപിച്ചു. ടെക്നോപാർക്കിൽ എസ്.ഐ.റ്റി. എം.എ. സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 20 കോടി രൂപയുടെ വെൻചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ടെക്നോപാർക്ക് വ്യവസായ എക്സിബിഷനുകളിൽ പങ്കെടുക്കുന്നു. ദേശീയ അന്തർദേശീയ തലത്തിലുള്ള കമ്പനികളുമായി ബന്ധപ്പെടുകയും അവരുമായി നിരന്തരം ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ടെക്നോ പാർക്കിന്റെ വളർച്ചയ്ക്കായി ഒരു ജോയിന്റ് വെൻചർ കമ്പനി ആരംഭിക്കാനുള്ള നടപടിയെടുത്തു. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുംകൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനം കിൻഫ്ര നടത്തിവരുന്നു. വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ച് പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നു. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും എളുപ്പത്തിൽ ലഭ്യമാക്കുവാൻ ഏകജാലക ക്ലിയറൻസ് ബോർഡുകൾ നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി സർക്കാർ ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുള്ള സൗകര്യങ്ങളുടെ വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെക്നോപാർക്കിൽ 41 കമ്പനികൾ പുതിയതായി വന്നു. മൂലധനനിക്ഷേപം 7232 ലക്ഷം രൂപയും പുതുതായി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ 3646 ഉം ആണ്.

കെ.എസ്.ഐ.ഡി.സി. യുടെ പ്രവർത്തനത്തിലൂടെ വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച വിശദവിവരം അനുബന്ധം 2-ൽ നൽകിയിരിക്കുന്നു. സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ചെറുകിട വ്യവസായമേഖലയിൽ 21-5-96-മുതൽ 31-5-2000 വരെ 77814 പുതിയ വ്യവസായ യൂണിറ്റുകൾക്കു സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൻമൂലം 1486.68 കോടി രൂപയുടെ മുതൽമുടക്കും 2,81,234 പേർക്ക് പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കഴിഞ്ഞ നാലുവർഷത്തെ വ്യാവസായിക വളർച്ചാനിരക്കും, ദേശീയവളർച്ചാ നിരക്കും താഴെപ്പറയുന്ന പ്രകാരമാണ്.

| വർഷം | സംസ്ഥാനത്തെ വ്യാവസായിക വളർച്ചാനിരക്ക് (%) | ദേശീയ വളർച്ചാ നിരക്ക് (%) |
|---|---|---|
| 1995-96 | 12.35 | 14.9 |
| 1996-97 | (-) 2.15 | 7.9 |
| 1997-98 (പി) | 7.99 | 4.0 |
| 1998-99 (ക്യൂ) | 7.18 | 3.6 |

സംസ്ഥാനത്തെ വ്യവസായ വളർച്ചാ നിരക്ക് ദേശീയ നിരക്കിനേക്കാൾ 1997-98, 98-99 എന്നീ വർഷങ്ങളിൽ യഥാക്രമം 3.99, 3.58 ശതമാനം വീതം കൂടുതലാണ് കാണിക്കുന്നത്.

(ഡി) ടെക്നോ പാർക്കിൽ 3646 ഉം കെ.എസ്.ഐ.ഡി.സി. യുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള വ്യവസായ പദ്ധതികളിലെല്ലാം കൂടി 13,730 പേർക്കും നേരിട്ട് തൊഴിൽ നൽകുവാനായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 2,81, 234 പേർക്കും പുതിയതായി തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ടെക്നോ പാർക്കിൽ പുതിയതായി 41 കമ്പനികൾ ആരംഭിച്ചിട്ടുണ്ട്. അതിൽ 15 കമ്പനികൾ വിദേശ പങ്കാളിത്തമുള്ളവയാണ്. അവയെ സംബന്ധിച്ച വിശദവിവരം അനുബന്ധം † 3-ൽ കൊടുത്തിരിക്കുന്നു. കെ.എസ്.ഐ.ഡി.സി.യുമായി ചേർന്ന് ഈ കാലയളവിൽ പുതുതായി 176 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ 27 എണ്ണം വിദേശ/പ്രവാസി പങ്കാളിത്തത്തോടെയുള്ളവയാണ്. വിശദാംശം അനുബന്ധം †4-ൽ നൽകിയിരുക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ 1996-2000 കാലയളവിൽ പുതുതായി 76710 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ടേഷൻ നൽകി പ്രവർത്തനക്ഷമമായിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളിൽ വിദേശപങ്കാളിത്തമുള്ളവ ഒന്നും ഇല്ല.

(എഫ്) 2000 മേയ് വരെ 202 ധാരണാ പത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†

LIBRARY ARCHIVES Kerala Legislative Assembly